# ഇരിപ്പുമുറിയിൽ ഒരു അക്വേറിയം

എൻ. വി. കൃഷ്ണവാരിയർ

ഇരിപ്പുമുറിയിൽ ഒരു ചില്ലുകൂട്ടിൽ ഏതാനും മത്സ്യങ്ങളെ വളർത്തുന്നതിന്റെ രസം ഒരു കൊല്ലം മുമ്പുവരെ ഞാൻ അറിഞ്ഞിരുന്നില്ല. എന്റെ ഒരു സ്നേഹിതൻ—ഇന്ന് അദ്ദേഹം ഈ ലോകത്തിൽ ഇല്ല!—അന്നൊരിക്കൽ ഒരു ചെറിയ ചില്ലുപാത്രത്തിൽ പതിനൊന്ന് ചുമന്ന മത്സ്യങ്ങളെ എന്റെ വീട്ടിൽ കൊണ്ടുവന്നു നിക്ഷേപിച്ചു! തീവണ്ടിയിലോ മറ്റോ ബാറ്ററിയായി ഉപയോഗിക്കുന്നതിനുദ്ദേശിച്ചതും, ഏകദേശം പത്തിഞ്ചു നീളവും ആറിഞ്ചു വീതിയും പതിനെട്ടിഞ്ചു ഉയരവുമുള്ളതുമായ ഒരു ചതുരൻ ചില്ലുപാത്രമായിരുന്നു അത്. ആ പാത്രത്തിൽ നിറച്ച വെള്ളവും അടിയിൽ കുറെ ചരലും, അതിൽ ഇല നീണ്ട ഏതാനും പുല്ലുകളും ഉണ്ടായിരുന്നു. കഷ്ടിച്ച് ഒരിഞ്ചു നീളമുള്ളവയായിരുന്നു ആ വെള്ളത്തിൽ നീന്തിക്കളിച്ചിരുന്ന മത്സ്യങ്ങൾ. മത്സ്യങ്ങൾക്കുപുറമെ കറുത്ത കുറെ ഒച്ചുകളും ആ പാത്രത്തിലുണ്ടായിരുന്നു.

ഈ സമ്മാനത്തെ അല്പം അതൃപ്തിയോടെയാണ് ഞാൻ നോക്കിയത്. സ്ഥലം തീരെ പോരാത്ത എന്റെ ഇരിപ്പുമുറിയിൽ ഇതിനും സ്ഥലം കാണണം! പാത്രം തട്ടിമറിഞ്ഞ് ഉടയാതെയും, മത്സ്യങ്ങളെ പൂച്ച പിടിക്കാതെയും നോക്കണം. പട്ടിണിയിടാതെ യഥാകാലം മത്സ്യങ്ങൾക്ക് തീറ്റകൊടുക്കണം. വെള്ളം കേടുവന്നാൽ മാറ്റണം. അതിനുള്ള ഉപകരണങ്ങൾ സമ്പാദിക്കണം. ഇതൊക്കെ എന്തിനുവേണ്ടി? ഇതുകൊണ്ടെല്ലാം എന്താണൊരു ലാഭം?

## പലതരം

എന്നാൽ, എന്റെ സുഹൃത്ത് അഭിപ്രായപ്പെട്ടതുപോലെ, ഏതാനും ദിവസങ്ങൾക്കകം ഞാൻ എന്റെ മത്സ്യങ്ങളെ ഇഷ്ടപ്പെട്ടുതുടങ്ങി. അവയുടെ ജീവിതരീതി മനസ്സിലാക്കാനും, അവയെപ്പറ്റിയുള്ള ശാസ്ത്രീയവിവരങ്ങൾ ശേഖരിക്കാനും എനിക്ക് ഉത്സാഹം തോന്നി. എന്റെ ചില്ലുപാത്രത്തിലുള്ള മത്സ്യങ്ങൾ "പ്ലാറ്റി" എന്നോ "മൂൺഫിഷ്" എന്നോ അറിയപ്പെടുന്നവയാണെന്നും അവയുടെ ജന്മദേശം മധ്യഅമേരിക്കയാണെന്നും ഞാൻ പുസ്തകങ്ങളിൽ നിന്നു മനസ്സിലാക്കി. മാത്രമല്ല, പാരമ്പര്യശാസ്ത്രം (ജെനെറ്റിക്സ്) പടുത്തുയർത്തിയ ശാസ്ത്രജ്ഞന്മാർക്ക് ഈ മത്സ്യങ്ങൾ നൽകിയ അമൂല്യമായ സേവനത്തെപ്പറ്റിയും ഞാനറിഞ്ഞു. കൂടിയാൽ രണ്ടോ മൂന്നോ കൊല്ലങ്ങൾ മാത്രം ജീവിക്കുന്ന ഈ കൊച്ചു മത്സ്യങ്ങൾ ഒരു പുതിയലോകം എനിക്കു തുറന്നുതന്നു.

"പ്ലാറ്റി"കളിൽ നിന്ന് എന്റെ താൽപര്യം മറ്റുതരം വളർത്തുമത്സ്യങ്ങളിലേക്ക് സംക്രമിച്ചു. നല്ല ഒരു ജോഡി സ്വർണ്ണമത്സ്യങ്ങളെ വളർത്താനായി എന്റെ കയ്യിലുള്ള ചില്ലുപാത്രത്തിന് വലിപ്പം പോരായിരുന്നു. ഏകദേശം മൂന്നടി നീളവും രണ്ടടി വീതിയും ഇരുപതിഞ്ച് ഉയരവുമുള്ള ഒരു ചില്ലുതൊട്ടി ഞാൻ മദ്രാസിൽ നിന്നു വരുത്തി. ഇതിന്ന് ഒമ്പതുരൂപയേ വില നൽകേണ്ടിവന്നുള്ളു. ഈ തൊട്ടിക്ക് ചില്ലുകൊണ്ടുള്ള ഒരു അടപ്പ് ഇവിടെത്തന്നെ ഉണ്ടാക്കി. കഴുകി വൃത്തിയാക്കിയ ചെറുചരൽ തൊട്ടിയിൽ പരത്തി. നനുത്ത പൊടിമണ്ണ് ഈ ആവശ്യത്തിനു പറ്റുകയില്ലെന്ന് ഇതിനകം ഞാൻ മനസ്സിലാക്കിയിരുന്നു. എന്റെ കയ്യിലുള്ള ചില്ലുപാത്രത്തിൽ സമൃദ്ധിയായി വളർന്നിരുന്ന ഇല നീണ്ട "വാല്ലിസ്നേരിയ" എന്ന പുല്ലുകൾക്കു പുറമെ വേറെ മൂന്നുതരം ജലസസ്യങ്ങൾ കൂടി—അവയുടെ പേർ ഇനിയും മനസ്സിലായിട്ടില്ല—ഞാൻ ഈ ചില്ലുതൊട്ടിയിൽ നട്ടു. മദ്രാസിൽ നിന്നു തന്നെ രണ്ട് സ്വർണ്ണമത്സ്യങ്ങളെയും വാങ്ങിക്കൊണ്ടുവന്നു. മീൻ വളർത്തലിൽ എനിക്കു താൽപര്യം ജനിപ്പിച്ച ആ സ്നേഹിതനെപ്പോലെ തന്നെ, അന്നത്തെ ആ സ്വർണ്ണമത്സ്യങ്ങളും ഇന്ന് ജീവിച്ചിരിപ്പില്ല!

## മത്സ്യം മെരുക്കിയെടുക്കലിന്റെ ഈറ്റില്ലം.

മനുഷ്യജീവിതം സുഖകരമാക്കാനുതകുന്ന കടലാസ്സ്, പട്ട്, അച്ചടി മുതലായ പലതും കണ്ടുപിടിച്ച ചീനയാണ് സ്വർണ്ണമത്സ്യങ്ങളെ മെരുക്കി വളർത്തുന്ന വിദ്യയും കണ്ടുപിടിച്ചത് എന്നു ഞാൻ വായിച്ചു മനസ്സിലാക്കി. തെരഞ്ഞെടുത്ത് ഇണചേർത്തു വളർത്തി, ദീർഘകാലം കൊണ്ട് മനുഷ്യർ എത്രതരം സ്വർണ്ണമത്സ്യങ്ങളെ ഉല്പാദിപ്പിച്ചിട്ടുണ്ടെന്നോ! രൂപത്തിലും നിറത്തിലും പെരുമാറ്റത്തിലുമുള്ള വൈവിധ്യം നിമിത്തം, ഇവയെയെല്ലാം "സ്വർണ്ണമത്സ്യങ്ങൾ" എന്ന ഒരു പേരിൽ വ്യവഹരിക്കുന്നത് ശരിയല്ലെന്നു നമുക്കു തോന്നും. തെളിഞ്ഞ ഒരു ചില്ലുതൊട്ടിയിൽ, ഭംഗിയുള്ള ഏതാനും ചെടികളുടെ പശ്ചാത്തലത്തിൽ, നീന്തിക്കളിക്കുന്ന ഒന്നോരണ്ടോ സ്വർണ്ണമത്സ്യ

Phone No: 831

THE UNITED WELDING & ENGINEERING CO.

CHITTOOR ROAD, ERNAKULAM-8.

Prop: A. S. JOSEPH

Uudertakes all kinds of WELDING,
REPAIRS TO SPARE PARTS

Manufacture of TANKS,
COMPRESSOR TANKS
Etc............Etc.

ങ്ങളെ പ്രത്യേകിച്ച് വെയ്ൽടെയ്ൽ, ഫാൻടെയ്ൽ മുതലായ വർഗ്ഗങ്ങളിൽപ്പെട്ടവയെ, നോക്കിയിരിക്കുന്നതുപോലെ ഹൃദയത്തിനു കുളിർമ്മയും മനസ്സിന്ന് വിശ്രമവും നൽകുന്ന പ്രവൃത്തികൾ വേറെ ഏറെയില്ല. ഒരിക്കലും അടങ്ങിനില്ക്കാത്ത ബ്ലാക്ക്മോളി, ഒന്ന് മറ്റൊന്നു പോലെയല്ലാത്ത ഗപ്പി, മുന്നോട്ടും പിന്നോട്ടും ഒരുപോലെ നീങ്ങുന്നതും നീണ്ടു കൂർത്ത ഒരു വാൾപോലെ മനോഹരമായ അടിവാൽ ഉള്ളതുമായ മെക്സിക്കോക്കാരൻ വാൾമീൻ, ഉടലിൽ വിലങ്ങനെ വരകളുള്ള സീബ്ര, സ്വന്തം വർഗ്ഗത്തിൽ പെട്ട പുരുഷന്മാരുമാത്രമല്ല തന്റെ പ്രാണപ്രേയസിയോടുപോലും വഴക്കിനു മുതിരുന്ന്, സർവ്വകലാശാലാബിരുദധാരികളുടെ ഗൌണുകളെ അനുസ്മരിപ്പിക്കുന്ന വാലും ചിറകുകളും വിടർത്തി, കഴുത്തു വീർപ്പിക്കുന്ന സയാംകാരനായ "ഫൈറ്റർ" എന്നിവയാണ് ഞാൻ വളർത്തിയ മറ്റു ചില തരം മത്സ്യങ്ങൾ.

**കുടുംബജീവിതം**

ഇവയിൽ ഫൈറ്ററുടെ കുടുംബജീവിതം ഏതു് അരസികനേയും ആകർഷിക്കാൻ പര്യാപ്തമാണ്. ഈ ലേഖനത്തിൽ പ്രസ്താവിച്ച മത്സ്യങ്ങളിൽ ഗോൾഡ്ഫിഷ്, സീബ്ര, ഫൈറ്റർ എന്നിവ ഒഴികെ മറ്റെല്ലാം കുട്ടികളെ പെറു വളർത്തുന്നവയാണ്. ഗോൾഡ്ഫിഷ് പുല്ലിന്റെ വീതിയുള്ള ഇലകളിൽ മുട്ടയിടുന്നു; സീബ്ര താഴെ മണലിലും. എന്നാൽ, മറ്റു ചിലതരം മത്സ്യങ്ങളെപ്പോലെ, സ്വയം ഊതി വീർപ്പിച്ചുണ്ടാക്കുന്ന നീർപ്പോളകൾ. കൂട്ടിച്ചേർന്ന് വെള്ളത്തിന്റെ മുകൾപ്പരപ്പിൽ ഉണ്ടാകുന്ന ഒരു കൂട്ടിലാണ് ഫൈറ്റർ മത്സ്യം മുട്ട നിക്ഷേപിക്കുന്നത്. ഈ കൂടു കൂട്ടുന്ന പ്രവൃത്തി മിക്കവാറും മുഴുവനും നിർവ്വഹിക്കുന്നത് ആൺമത്സ്യമാകുന്നു. ആൺ മത്സ്യം പോളകൾ ഊതി വീർപ്പിച്ചു തുടങ്ങുമ്പോൾ, അഞ്ചോ ആറോ ഇഞ്ചു മാത്രം ഉയരത്തിൽ വെള്ളമുള്ള ഒരു പാത്രത്തിലേക്ക് അതിനെ മാറ്റിയിടണം. ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ അതു് അവിടെ കൂടു നിർമ്മിച്ചു കഴിയും. ഇനി പെൺമത്സ്യത്തെയും ആ പാത്രത്തിലേക്കാക്കാം. അവർ തമ്മിലുള്ള പ്രണയകലഹങ്ങളും അനുനയവും ആലിംഗനവും എല്ലാം കാണേണ്ടതു തന്നെയാണ്. പക്ഷികളുടെ പ്രണയലീലകൾ കാണാൻപോലും ഇത്ര രസമില്ല. പെൺമത്സ്യം വെളുത്ത നിറത്തിലുള്ള എത്രയോ അധികം മുട്ടകളിടും. ആണും പെണ്ണും കൂടി അവ വായിലെടുത്ത് ഊതി, പോളകളിൽ അടക്കം ചെയ്ത്, കൂട്ടിൽ നിക്ഷേപിക്കുന്നു. മുട്ടയിട്ടുകഴിഞ്ഞാലുടൻ പെണ്ണിനെ ആ പാത്രത്തിൽ നിന്ന് മാറ്റണം.

അല്ലെങ്കിൽ, അത്രയുംനേരം അത്രയേറെ പ്രണയപരവശനായി കാണപ്പെട്ടിരുന്ന ആൺമത്സ്യം അവളെ കടിച്ചുകൊന്നുകളയും. പിന്നീട് മൂന്നാഴ്ചയോളം ആൺമത്സ്യം ഭക്ഷണവും വിശ്രമവും കൂടാതെ സ്വന്തം സന്താനങ്ങളെ ശുശ്രൂഷിക്കുന്നു. ഒന്നുരണ്ടു ദിവസത്തിനകം മുട്ടകൾ മുഴുവൻ വിരിഞ്ഞ് സൂക്ഷ്മശരീരങ്ങളായ കുട്ടികൾ അവിടെയെല്ലാം നീന്തുവാൻ തുടങ്ങും. സന്താനങ്ങളുടെ ഭാവിയിൽ മനുഷ്യർക്കുപോലും ഇത്രയേറെ ഉത്കണ്ഠ കാണുകയില്ല. എന്നിട്ടും, വിരിഞ്ഞ് നാലോ അഞ്ചോ ആഴ്ചയെത്തിയാൽ ഈ കുഞ്ഞുങ്ങളെ പിടിച്ചുതിന്നാൻ പിതാവായ ഫൈറ്ററിന് ഒരു മടിയുമില്ല!

**ഒരു പ്രപഞ്ചം മുഴുവൻ കൺമുമ്പിൽ**

നിശ്ശബ്ദവും നിരുപദ്രവവും വിചിത്രവുമായ ഒരു ലോകമാണ് മത്സ്യങ്ങളുടേതു്. നിങ്ങൾ വിളിച്ചാൽ അവ വന്നു തുടങ്ങും; നിങ്ങളുടെ കൈയിൽ നിന്ന് അവ ഭക്ഷണം വാങ്ങിത്തിന്നു തുടങ്ങും. നിങ്ങൾ അവയെ സ്നേഹിക്കാതിരിക്കയില്ല. ചില സ്വർണ്ണമത്സ്യങ്ങൾ ഇരുപതു കൊല്ലത്തോളം ജീവിക്കുമത്രേ. അല്പം ശ്രദ്ധയുണ്ടെങ്കിൽ നിങ്ങൾക്ക് നല്ലൊരു അക്വേറിയം വളർത്തിക്കൊണ്ടുവരാം. നിങ്ങളുടെ അറിവു വികസിക്കാനും താൽപര്യങ്ങൾ വർദ്ധിപ്പിക്കാനും അനുഭൂതിമണ്ഡലത്തെ സമ്പന്നമാക്കാനും അക്വേറിയം സഹായിക്കും. ഒരു പ്രപഞ്ചം മുഴുവൻ എപ്പോഴും നിങ്ങളുടെ കൺമുന്നിലുണ്ടാവുക— എത്ര രസമാണ് അതു്!

ഒന്നു ശ്രമിച്ചു നോക്കുന്നുവോ?

—o:o—